## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6349 — 31.10.2011 ൽ മറുപടിയ്ക്ക്

## ആനപരിപാലന പരിശീലന പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) ആനപരിപാലനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൊതുജനങ്ങൾക്കും/ബന്ധപ്പെട്ട തൊഴിലാളികൾക്കും അവബോധം ഉണ്ടാക്കുന്നതിലേക്കായി പരിശീലന പരിപാടികൾ നടത്തിയിരുന്നുവോ; എങ്കിൽ ഏതൊക്കെ ജില്ലയിൽ പദ്ധതി നടത്തിയെന്ന് അറിയിക്കുമോ; | (എ) ആനപരിപാലനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൊതുജനങ്ങൾക്കും/ ബന്ധപ്പെട്ട തൊഴിലാളികൾക്കും അവബോധം ഉണ്ടാക്കുന്നതിലേക്കായി പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. 2011-12 വർഷത്തിൽ തൃശൂർ, എറണാകുളം, കോട്ടയം, കൊല്ലം എന്നീ 4 ജില്ലകളിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പരിശീലന പരിപാടി കൊല്ലം ജില്ലയിൽ സംഘടിപ്പിക്കുന്നതിലേക്ക് ചുമതല നൽകിയിരുന്നത് ഏത് ഉദ്യോഗസ്ഥനാണ്; | (ബി) പ്രസ്തുത പരിശീലന പരിപാടി കൊല്ലം ജില്ലയിൽ സംഘടിപ്പിക്കുന്നതിലേക്ക് പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അദ്ധ്യക്ഷനും ആന ഉടമകളുടെ പ്രതിനിധി കൺവീനറും എലിഫൻറ് ഓണേഴ്സ് ഫെഡറേഷൻ, എലിഫൻറ് ഓണേഴ്സ് അസോസിയേഷൻ, ആനപാപ്പാന്മാർ, ദേവസ്വം ഉത്സവ കമ്മറ്റി അംഗങ്ങൾ പ്രതിനിധികളായിട്ടുള്ള ഒരു സമിതിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. |
| (സി) പരിശീലന പരിപാടി ഏതെങ്കിലും പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ നടത്തിയത്; എങ്കിൽ ആയതിന്റെ മാർഗ്ഗരേഖകൾ എന്തൊക്കെയാണ്; | (സി) കേരള സർക്കാരിൻെറ 100 ദിന പരിപാടിയുടെ ഭാഗമായാണ് പ്രസ്തുത പരിശീലന പരിപാടി സംഘടിപ്പിച്ചത്. പ്രസ്തുത പരിശീലന പരിപാടി ആസൂത്രണം ചെയ്യുന്നതിനുവേണ്ടി 28.06.2011-ൽ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന ഉടമസ്ഥരുടേയും പാപ്പാന്മാരുടേയും ആനതൊഴിലാളികളു |

ടേയും സംഘടനകളുടെ പ്രതിനിധികളു മായി ചർച്ച നടത്തി തീരുമാനമെടുത്തതിൻെറ അടിസ്ഥാന ത്തിൽ കേരളത്തിലെ 14 ജില്ലകളേയും ഉൾപ്പെടുത്തിക്കൊണ്ട് തെരഞ്ഞെടു ക്കപ്പെട്ട നാല് ജില്ലകളിൽ (തൃശൂർ, എറണാകുളം, കോട്ടയം, കൊല്ലം) 5 ദിവസത്തെ ഗജക്ഷേമ ബോധവൽക്ക രണ പരിശീലന പരിപാടിയാണ് സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിയിൽ 1-ാം ദിവസം ആന ഉടമസ്ഥർക്കും 2-ഉം 3-ഉം ദിവസങ്ങളിൽ പാപ്പാന്മാർക്കും 4-ാം ദിവസം ദേവസ്വം ഉത്സവകമ്മറ്റി ഭാരവാഹികൾക്കും 5-ാം ദിവസം പൊതുജനങ്ങൾ ക്കും പങ്കെടുക്കാവുന്ന രീതിയിലാണ് ആസൂത്രണം ചെയ്തത്. നാട്ടാനപരിപാലനത്തിനും ക്ഷേമത്തി നും വേണ്ടി പ്രായോഗികമായി നടപ്പിലാ ക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചിന്തിക്കു ന്നതിനും അവ നല്ല രീതിയിൽ നടപ്പിലാക്കാൻ പ്രേരിപ്പിക്കുന്നതിനു മായാണ് പരിശീലന പരിപാടി നടപ്പിലാക്കിയത്.

(ഡി) പരിശീലന പരിപാടിക്കായി സംസ്ഥാന സർക്കാരോ, മറ്റു സ്ഥാപ നങ്ങളോ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശ ദാംശം അറിയിക്കുമോ;

(ഡി) സംസ്ഥാന സർക്കാരിൽ നിന്നുമാണ് പ്രസ്തുത പരിപാടിയുടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്.

(ഇ) എത്ര രൂപ ചെലവായതായി കണ ക്കാക്കിയിട്ടുണ്ടെന്നും, ആയതിന്റെ വിശദാംശം ബന്ധപ്പെട്ട ഉദ്യോഗ സ്ഥൻ നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഇ) തൃശൂർ, എറണാകുളം, കോട്ടയം, കൊല്ലം എന്നീ 4 മേഖലകളിലായി 5 ദിവസത്തെ ഗജക്ഷേമ ബോധവൽക്ക രണ പരിപാടിക്കായി ആകെ 2,42,360/- (രണ്ടു ലക്ഷത്തി നാല്പത്തിരണ്ടായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) രൂപ ചെലവായി. ആയതിൻെറ വിശദാംശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയി ട്ടുണ്ട്.

(എഫ്) പ്രാദേശികമായ വ്യക്തിക ളിൽനിന്നോ/സ്ഥാപനങ്ങളിൽനിന്നോ പണമോ, സാധന സാമഗ്രികളോ സ്വ രൂപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(എഫ്) പ്രസ്തുത ഗജക്ഷേമപരിപാടി തൃശൂർ, കൊല്ലം ജില്ലകളിൽ നടത്തിയപ്പോൾ ആയതിൻെറ നടത്തിപ്പിന് പീച്ചിയിലുള്ള കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആഡിറ്റോറിയവും കൊല്ലത്തെ പരവൂർ പുത്തൻകുളം വഴിയോര ആഡിറ്റോ റിയവും സൗജന്യമായാണ് ലഭിച്ചത്.

കൊല്ലത്തെ ആഡിറ്റോറിയം ശ്രീ. പുത്തൻകുളം ഷാജിയും ആയതിൻെറ മുന്നിൽ സ്ഥാപിച്ച കമാനം " ദി ഗ്രേറ്റ് ഇന്ത്യ ഫർണിച്ചർ " , പരവൂർ എന്ന സ്ഥാപനവുമാണ് സ്പോൺസർ ചെയ്തത്. എന്നാൽ പ്രാദേശികമായ വ്യക്തികളിൽ നിന്നോ/സ്ഥാപനങ്ങളിൽ നിന്നോ പണമോ, സാധനസാമഗ്രികളോ സ്വരൂപിച്ചിട്ടില്ല.

(ജി) പരിശീലന പരിപാടിയുടെ ഒരു ഘട്ടത്തിലും ത്രിതല പഞ്ചായത്ത് പ്രതിനിധികളേയോ, നിയമസഭാ അംഗത്തെയോ പങ്കെടുപ്പിക്കുവാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിരുന്നുവോ; ഇല്ലായെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ നടപടികളെക്കുറിച്ച് അന്വേഷിക്കുവാൻ സന്നദ്ധമാകുമോ;

(ജി) നിർദ്ദേശിച്ചിട്ടില്ല; 28.06.2011-ൽ വനം വകുപ്പ് ആസ്ഥാനത്ത് ആന ഉടമകളുടേയും ആന പാപ്പാന്മാരുടേയും ദേവസ്വം ഉത്സവ ആഘോഷ കമ്മറ്റി പ്രതിനിധികളുമായി കൂടി ആലോചിച്ച് രൂപീകരിച്ച, ബന്ധപ്പെട്ട പ്രതിനിധികൾ അംഗങ്ങളായിട്ടുള്ളതുമായ ഒരു പ്രാദേശിക കമ്മറ്റിയാണ് പരിശീലന പരിപാടി നടത്തുന്നതിനു വേണ്ടുന്ന തീരുമാനമെടുത്തതും ആയതിലേക്ക് അംഗങ്ങളെ പങ്കെടുക്കുന്നതിന് ക്ഷണിച്ചതും

(എച്ച്) പരിശീലനപരിപാടിയെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കുവാൻ അച്ചടിച്ച് നൽകിയ നോട്ടീസിന്റെ പകർപ്പും, വരവ് ചെലവ് കണക്കിന്റെ സംക്ഷിപ്തരൂപവും നൽകുമോ?

(എച്ച്) നോട്ടീസുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയ്ക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

| Name of Office | Logistic expenses | Stage Arrangement with mike set and Generator | Printing Notice | Honorarium Remuneration | Banner/ Flex | Stationary Paper, Pen etc. | Total |
|---|---|---|---|---|---|---|---|
| WLW, Peechi | 58,150 | 17,390 | 2,850 | 10,750 | 0 | 6,000 | **95,140** |
| DFO, Punalur | 24,600 | 10,400 | 1,600 | 10,000 | 1,300 | 6,100 | **54,000** |
| DFO, Kottayam | 40,000 | 4,600 | 1,220 | 10,000 | 1,200 | 7,000 | **64,020** |
| DFO, Malayattoor | 15,000 | 6,800 | 1,600 | 2,750 | 1,200 | 1,850 | **29,200** |
| **TOTAL** | **1,37,750** | **39,190** | **7,270** | **33,500** | **3,700** | **20,950** | **2,42,2360** |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.